# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 27-12-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഗോവ, കർണാടക, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലേക്കുള്ള രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **President Draupadi Murmu's visit to Goa, Karnataka and Jharkhand will begin today.**

2. ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും അധ്യക്ഷത വഹിക്കും.

   **Prime Minister Narendra Modi will chair the three-day National Conference of Chief Secretaries today and tomorrow.**

3. രാജ്യത്തുടനീളം പൊതുവായ തീവ്രവാദ വിരുദ്ധ സ്ക്വാഡ് ഘടന സ്ഥാപിക്കണമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ.

   **Union Minister Amit Shah wants to establish a common anti-terrorism squad structure across the country.**

4. കുട്ടികളാണ് വികസിത ഭാരതത്തിന്റെ ഭാവിയും സ്രഷ്ടാക്കളുമെന്ന് കേന്ദ്രമന്ത്രി അന്നപൂർണ ദേവി..

   **Union Minister Annapurna Devi says that children are the future and creators of Viksit Bharat.**

5. കേരളത്തിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും വൈസ് പ്രസിഡന്റുമാരേയും ഇന്ന് തെരഞ്ഞെടുക്കും.

**Presidents and vice-presidents of district, block and gram panchayats will be elected today in Kerala.**

6. ശ്രീലങ്കക്കെതിരായ വനിതാ ടി-20 പരമ്പരയിൽ ഇന്ത്യയ്ക്ക് വിജയം.

**India wins the women's T-20 series against Sri Lanka..**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# PREZ-VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നു മുതൽ ഗോവ, കർണാടക, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നാല് ദിവസത്തെ സന്ദർശനം നടത്തും. രാഷ്ട്രപതി ഇന്ന് വൈകുന്നേരം ഗോവയിലേക്ക് പോകും. നാളെ, കർണാടകയിലെ കാർവാർ തുറമുഖത്ത് നിന്ന് അന്തർവാഹിനിയിൽ കടൽ യാത്ര നടത്തും. തിങ്കളാഴ്ച, ജാർഖണ്ഡിലെ ജംഷഡ്പൂരിൽ ഓൾ ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിലും എൻ.ഐ.ടി ജംഷഡ്പൂരിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. ഈ മാസം 30-ന് ഝാർഖണ്ഡിലെ ഗുംലയിൽ നടക്കുന്ന അന്തർസംസ്ഥാന ജന സംസ്കാരിക സമാഗമ സമാരോഹ് കാർത്തിക് ജാത്രയിൽ രാഷ്ട്രപതി സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# CONFERENCE OF CHIEF SECRETARIES

അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ഇന്നും നാളെയും പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. ദേശീയ വികസന മുൻഗണനകളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിലെ സുപ്രധാന നാഴികക്കല്ലാണ് സമ്മേളനം. രാജ്യത്തിൻറെ മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, ഭാവി വളർച്ച ത്വരിതപ്പെടുത്തുന്നതിനുമുള്ള ഏകീകൃത കർമ്മപദ്ധതി തയ്യാറാക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# SHAH-COUNTER TERRORISM

രാജ്യത്തുടനീളം പൊതുവായ തീവ്രവാദ വിരുദ്ധ സ്ക്വാഡ് ഘടന സ്ഥാപിക്ക ണമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. പൊതുവായ ATS ഘടന എല്ലാ തലങ്ങളിലുമുള്ള ഭീകരാക്രമണങ്ങളെ നേരിടുന്നതിനായുള്ള തയ്യാറെടു ഷിന് പോലീസിന് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ അന്വേഷണ ഏജൻസി സംഘടിപ്പിച്ച രണ്ടു ദിവസത്തെ 'കൗണ്ടർ ടെററിസം കോൺഫറൻസ്-2025' ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്ര ആഭ്യന്തര മന്ത്രി. ഭാവിയിലെ വെല്ലുവിളികളെ ശക്തമായി നേരിടാൻ വരും തലമുറകൾക്കായി രാജ്യത്ത് അഭേദ്യവും ശക്തവുമായ ഒരു 'ഭീകരവിരുദ്ധ ഗ്രിഡ്' കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകത ശ്രീ ഷാ എടുത്തുപറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## MEA-BRIEFING

എച്ച്-1ബി വിസയുള്ള ഇന്ത്യൻ പൗരന്മാർ നേരിടുന്ന തടസ്സങ്ങൾ പരിഹരി ക്കാൻ ഇന്ത്യ അമേരിക്കയുമായി സജീവമായി ആശയവിനിമയം നടത്തി വരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ബുദ്ധിമുട്ടുകൾ നേരിടുന്ന ഇന്ത്യൻ പൗരന്മാരിൽ നിന്ന് സർക്കാരിന് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങൾ ക്കെതിരെയുള്ള അക്രമങ്ങളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയ ജയ്സ്വാൾ ബംഗ്ലാദേശിലെ മൈമൻസിംഗ് നഗരത്തിൽ ഹിന്ദു യുവാവ് കൊല്ലപ്പെട്ട സംഭവത്തെ അപലപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## WCD- CHILDREN (INTRO)

കുട്ടികളാണ് വികസിത ഭാരതത്തിന്റെ ഭാവിയും സ്രഷ്ടാക്കളുമെന്ന് കേന്ദ്ര മന്ത്രി അന്നപൂർണ ദേവി. ഇന്നലെ പ്രധാന മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാര ജേതാക്കളായ 17 കുട്ടികൾക്കൊരുക്കിയ അത്താഴ വിരുന്നിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ധീരത, പ്രായത്തിനുപരി തങ്ങളുടെ കർത്തവ്യത്തിന് നൽകുന്ന മുൻഗണയിലൂടെയാണ് അടയാളപ്പെടുത്തു ന്നതെന്നും അവർ പറഞ്ഞു.

(വോയിസ്....)

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## NADDA- TB MUKT BHARAT

2027 ഓടെ ക്ഷയരോഗ മുക്ത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്താൻ ആരോഗ്യ പരിരക്ഷാ പരിഷ്കാരങ്ങൾക്ക് ആഹ്വാനം ചെയ്ത് കേന്ദ്ര മന്ത്രി ജെപി നദ്ദ. ഇന്നലെ ഛത്തിസ്ഗഡിലെയും മധ്യപ്രദേശിലേയും ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. സൗജന്യ മരുന്നുകളും സൗജന്യ രോഗനിർണയ പദ്ധതികളും ശക്തിപ്പെടുത്താൻ അദ്ദേഹം ഇരു  സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകി.

## YEAR ENDER-TAX REFORMS

രാജ്യത്തിന്റെ വികസന പാതയിൽ നയങ്ങൾ പുരോഗതിയായും ഉദ്ദേശ്യം ഫലമായും പരിണമിച്ച ഒരു വർഷമായിരുന്നു 2025. 2017-ൽ GST അവതരിപ്പിച്ചതോടെ ഇന്ത്യ ഒറ്റ വിപണിയായി ഏകീകരിക്കപ്പെട്ടെങ്കിലും ഈ വർഷത്തെ പുത്തൻ തലമുറ GST പരിഷ്കാരത്തിലൂടെ നികുതി ഘടന ഏറെ ലളിതമായി. ജിഎസ്ടി ഇളവുകളും ആദായനികുതി ഇളവുകളും മൂലം കുടുംബങ്ങൾക്ക് പ്രതിവർഷം രണ്ടര ലക്ഷം കോടി രൂപ ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്.

## GLSGD PRESIDENT ELECTION (INTRO)

കേരളത്തിലെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും വൈസ് പ്രസിഡന്റുമാരേയും ഇന്ന് തെരഞ്ഞെടുക്കും. പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് രാവിലെ പത്തരയ്ക്കും വൈസ് പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം രണ്ടരയ്ക്കും നടക്കും. കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ തെരഞ്ഞെടുപ്പുകൾ ഇന്നലെ നടത്തിയിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

# SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശ വാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

# BIRD FLU

ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തി ഇന്നും തുടരും. പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ പക്ഷി വളർത്തലും വിപണനവും ഉപയോഗവും ഒരാഴ്ചത്തേക്ക് നിരോധിച്ചിട്ടുണ്ട്.

# SHABARIMALA (INTRO)

ശബരിമലയിൽ മണ്ഡലകാലത്തിന് ഇന്ന് സമാപനമാകും. മണ്ഡലപൂജ ഇന്ന് രാവിലെ 10.10 നും 11.30നും മധ്യേ നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ .

(വോയ്സ്)

# WOMENS CRICKET

ശ്രീലങ്കക്കെതിരായ വനിതാ ടി-20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് എട്ട് വിക്കറ്റ് വിജയം. ഇന്നലെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 112 റൺസ് നേടി. ഇന്ത്യ 13.2 ഓവറിൽ

രണ്ട് വിക്കറ്റ് നഷ്ടത്തിൽ വിജയം നേടി. ഇതോടെ അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0ന് മുന്നിലെത്തി.

## CBI-SC-UNNAO CASE

ഉന്നാവ് കേസിൽ ഉത്തർ പ്രദേശ് എംഎൽഎക്ക് ജാമ്യം നൽകിയ ഡൽഹി ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീം കോടതിയെ സമീപിച്ച് സിബിഐ. ഈ ആഴ്ച ഡൽഹി ഹൈക്കോടതി ജീവപര്യന്തം തടയുകയും ഉപാധികളോടെ ജാമ്യം നൽകുകയും ചെയ്തിരുന്നു. ഹൈക്കോടതിയുടെ തീരുമാനത്തിനെതിരെ സിബിഐ ഇന്നലെ സുപ്രീം കോടതിയിൽ പ്രത്യേക അവധി ഹർജി ഫയൽ ചെയ്തു.

## ZELENSKYY- TRUMP

യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തുമെന്ന് യുക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി. ഏകദേശം നാല് വർഷമായി തുടരുന്ന റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള യുഎസ് നേതൃത്വത്തിലുള്ള ഏറ്റവും പുതിയ നയതന്ത്ര നീക്കമാകും നാളെ നടക്കുന്ന ചർച്ച. കൂടിക്കാഴ്ചയിൽ യുക്രെയ്നിനുള്ള സുരക്ഷാ ഉറപ്പുകൾ ചർച്ച ചെയ്യുമെന്ന് യുക്രൈൻ പ്രസിഡന്റ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

## REV. FORMER MALAYSIAN PM-CONVICTION

മുൻ മലേഷ്യൻ പ്രധാനമന്ത്രി നജീബ് റസാക്കിന് 15 വർഷം തടവും 12.8 ബില്യൺ യുഎസ് ഡോളർ തുക പിഴയും വിധിച്ച് ക്വാലാലംപൂർ ഹൈക്കോടതി. അധികാര ദുർവിനിയോഗം, കള്ളപ്പണം വെളുപ്പിക്കൽ, അഴിമതി എന്നീ കുറ്റങ്ങൾ ചുമത്തിയാണ് നജീബ് ശിക്ഷിക്കപ്പെട്ടത്. ശിക്ഷകൾ ഒരേസമയം നടപ്പിലാക്കുമെന്ന് കോടതി വ്യക്തമാക്കി. നിയമവിരുദ്ധമായി ഫണ്ട് സ്വീകരിച്ചെന്ന അഴിമതിക്കുറ്റത്തിന് 2022 ഓഗസ്റ്റ് മുതൽ നജീബ് ജയിലിലാണ്.